ശബരിമല മീഡിയ സെന്റർ , സന്നിധാനം

18/11/2026

സന്നിധാനം സ്പെഷ്യൽ ഓഫീസറുടെ നവീകരിച്ച ക്യാമ്പ് ഓഫീസ് ഉദ്ഘാടനം ചെയ്തു

ശബരിമല സ്പെഷ്യൽ ഓഫീസറുടെ നവീകരിച്ച ക്യാമ്പ് ഓഫീസ് വ്യാഴാഴ്ച രാവിലെ ഉദ്ഘാടനം ചെയ്തു. നിലവിലെ സ്പെഷ്യൽ ഓഫീസർ ജി.ജയദേവ് തിരിതെളിച്ചാണ് നവീകരിച്ച ഓഫീസ് തുറന്ന് നൽകിയത്. വർഷങ്ങളായി സ്പെഷ്യൽ ഓഫീസർമാർ താമസിച്ചുവന്നിരുന്ന ഈ ഓഫീസ് കാലപ്പഴക്കം മൂലം ജീർണിച്ചതിനെത്തുടർന്ന് ദേവസ്വം ബോർഡ് മുൻകൈയെടുത്ത് പൈതൃകം നിലനിർത്തിക്കൊണ്ട് തന്നെയാണ് നവീകരിച്ചത്.

ഇന്ത്യൻ പ്രസിഡന്റ് ആയിരുന്ന വി.വി.ഗിരിയുടെ ശബരിമല സന്ദർശന വേളയിൽ അദ്ദേഹം താമസിച്ചത് നിലവിലെ ഈ ക്യാമ്പ് ഓഫീസിലായിരുന്നു എന്ന പ്രത്യേകതയും കെട്ടിടത്തിനുണ്ട്. 1973 ലായിരുന്നു വി.വി.ഗിരിയുടെ ശബരിമല സന്ദർശനം. സന്നിധാനത്തെ ഭക്തരുടെ സുഖകരമായ സന്ദർശനം ഉറപ്പുവരുത്താനും സുരക്ഷ ഉറപ്പുവരുത്താനുമുള്ള നിർണായക ദൗത്യമാണ് സ്പെഷ്യൽ ഓഫീസർമാർ നിർവഹിച്ചുവരുന്നത്.ദേവസ്വം പി.ആർ.ഓ ജി.എസ്.അരുൺ, മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സന്നിധാനം; സുരക്ഷയും സുഖദർശനവും സാധ്യമാക്കുന്നത് രണ്ടായിരത്തോളം പോലീസ് സേന

ദർശനത്തിനെത്തുന്ന ഭക്തർക്ക് സുഖ ദർശനം സാധ്യമാക്കാനും സുരക്ഷാ ക്രമീകരണങ്ങൾക്കുമായി മരക്കൂട്ടത്തും സന്നിധാനത്തുമായി നിയോഗിച്ചിട്ടുള്ളത് രണ്ടായരത്തിന് മുകളിൽ യൂണിഫോം സേനാംഗങ്ങളെ. ഇതിൽ കരുതൽ സേനയും ഉൾപ്പെടും.ക്യൂ നിയന്ത്രിക്കുന്നതിനും സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമാണ് ഇവർ പ്രവർത്തിച്ചുവരുന്നത്.

14 ഡിവൈ.എസ്.പി.മാരുടെ കീഴിലായാണ് സി.ഐ മുതൽ താഴേക്കുള്ള പോലീസ് ഉദ്യോഗസ്ഥരുടെ വിന്യാസം. സ്പെഷ്യൽ ഓഫീസറുടെ ക്യാമ്പ് ഓഫീസിൽ പ്രധാന സ്ഥലങ്ങളിലെ സി.സി.ടി.വി ദൃശ്യങ്ങൾ അപ്പപ്പോൾ വിലയിരുത്താൻ കഴിയും. തിരക്ക് വിലയിരുത്തി അപ്പപ്പോൾ ഉള്ള നിർദ്ദേശങ്ങളും ഇവിടെ നിന്ന് നൽകിവരുന്നു.ശരം കുത്തിയിൽ 76 പേരെയും ക്യൂ കോംപ്ലക്സിൽ 118 പേരെയും മരക്കൂട്ടത്ത് 100 സേനാംഗങ്ങളെയും വിവിധ ഷിഫ്റ്റുകളിലായി നിയോഗിച്ചിട്ടുണ്ട്.

Renovated Camp Office of Sabarimala Special Officer Inaugurated

The renovated camp office of the Sabarimala Special Officer was inaugurated on Thursday morning by the incumbent Special Officer, G. Jayadev, who formally opened the facility .

The building, which had served as the residence and office of successive Special Officers for several years, had gradually fallen into disrepair due to its age. The Devaswom Board undertook the renovation, ensuring that the building's original heritage character was preserved.The building also holds historical significance, as it served as the accommodation of V.V. Giri, the then President of India, during his visit to Sabarimala in 1973.

The Special Officer plays a crucial role in coordinating security arrangements and ensuring a safe, smooth and comfortable pilgrimage experience for devotees at Sannidhanam. Devaswom Public Relations Officer G.S. Arun and senior police officials attended the inauguration.

Sannidhanam: Over 2,000 Police Personnel Deployed for Security and Crowd Management

Sannidhanam: More than 2,000 police personnel, including reserve forces, have been deployed across Marakkoottam and Sannidhanam to ensure effective security arrangements and facilitate smooth darshan for pilgrims.

Regulating pilgrim queues, managing crowd movement and enforcing security protocols are among the primary responsibilities of the deployed personnel. Police officers from the rank of Circle Inspector (CI) and below are working under the supervision of 14 Deputy Superintendents of Police (DSPs).

The Special Officer's camp office serves as a central monitoring point, where CCTV footage from key locations is monitored in real time. Based on crowd assessments, necessary instructions are issued to personnel to ensure effective crowd management and prevent congestion.

Police personnel have been strategically deployed at important locations, with 76 personnel at Saramkuthi, 118 at the Queue Complex and 100 at Marakkoottam. Deployment across multiple shifts ensures continuous monitoring and security throughout the pilgrimage period.

सन्निधानम स्पेशल ऑफिसर के रेनोवेट किए गए कैंप ऑफिस का उद्घाटन

सबरीमाला स्पेशल ऑफिसर के रेनोवेट किए गए कैंप ऑफिस का उद्घाटन गुरुवार सुबह हुआ। मौजूदा स्पेशल ऑफिसर जी. जयदेव ने रेनोवेट किए गए ऑफिस का उद्घाटन किया। ऑफिस, जिसे कई सालों तक स्पेशल ऑफिसर इस्तेमाल करते थे, पुराना होने की वजह से खराब हो गया था, जिसके बाद देवस्वोम बोर्ड ने पहल की और इसकी विरासत को बचाते हुए इसे रेनोवेट किया।

इस बिल्डिंग की एक खासियत यह भी है कि भारत के उस समय के प्रेसिडेंट वी.वी.गिरी ने सबरीमाला की अपनी यात्रा के दौरान इसका इस्तेमाल किया था। वी.वी.गिरी 1973 में सबरीमाला आए थे। स्पेशल ऑफिसर सन्निधानम में भक्तों की आसान यात्रा और सुरक्षा पक्का करने का ज़रूरी काम कर रहे हैं। इस फंक्शन में देवस्वोम PRO जी.एस.अरुण और सीनियर पुलिस ऑफिसर मौजूद थे।

सन्नीधानम; लगभग 2,000 पुलिस वाले सुरक्षा और आरामदायक दर्शन पक्का करते हैं

मंदिर आने वाले भक्तों के लिए आरामदायक दर्शन पक्का करने और सुरक्षा के इंतज़ाम करने के लिए माराकोट्टा और सन्निधानम में 2,000 से ज़्यादा वर्दी वाले लोग तैनात किए गए हैं। इसमें रिज़र्व फ़ोर्स भी शामिल है। वे लाइन को कंट्रोल करने और सुरक्षा निर्देशों का सख्ती से पालन करवाने का काम कर रहे हैं।

सर्किल इंस्पेक्टर से लेकर नीचे तक के पुलिस वाले 14 DySP के अंडर तैनात हैं। ज़रूरी जगहों के CCTV फुटेज स्पेशल ऑफ़िसर के कैंप ऑफ़िस में देखे जा सकते हैं। भीड़ का अंदाज़ा लगाने के बाद यहीं से मौजूदा निर्देश भी दिए जाते हैं। सरमकुठी में 76, लाइन कॉम्प्लेक्स में 118 और मरक्कूटम में अलग-अलग शिफ्ट में 100 लोग तैनात किए गए हैं।